**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4193** **18-07-2022 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി കൃത്യമായി പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പകരം നികുതി ഭാരം കൂട്ടുന്നതിനാണ് സർക്കാരിന് താല്പര്യം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നികുതി കൃത്യമായി പിരിച്ചെടുക്കാനും പൊതുജനങ്ങളുടെ മേൽ ചുമത്താനുദ്ദേശിക്കുന്ന നികുതി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജി.എസ്.ടി. ക്ക് മുൻപുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ആംനസ്റ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഇത് കൂടാതെ, ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ പ്രൊഫെഷണലാക്കി മാറ്റുന്നതിനായി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും പരിശോധിച്ചു വരുന്നു.<br><br>ജി.എസ്.ടി.യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ചു ശതമാനം ആകത്തക്ക വിധത്തിൽ ആയിരുന്നു. വാറ്റ് സമ്പ്രദായത്തിൽ ഇത് 14.5% ആയിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി നിരക്കുകളിൽ കുറവുവരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്നു ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി. വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി |

| | | | |
|---|---|---|---|
| | | | സമ്പ്രദായത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിരക്കിൽ നിലവിൽ തീരുമാനമെടുക്കുന്നത് കേന്ദ്ര ധനകാര്യ മന്ത്രിയും എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യമന്ത്രിമാരും ഉൾപ്പെടുന്ന ജി.എസ്.ടി. കൗൺസിൽ ആണ്. |

സെക്ഷൻ ഓഫീസർ